# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5209 02.07.2013 ൽ മറുപടിക്ക്

## ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ ജലഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) | ജലഗതാഗതം പ്രോൽസാഹിപ്പിക്കുന്നിന്റെ ഭാഗമായി വകുപ്പു വക ബോട്ടുകളും സ്വകാര്യ മേഖലയിലുള്ള ബോട്ടുകളും റിപ്പയർ ചെയ്യാൻ സാധിക്കുന്ന വിധത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഡ്രൈ ഡോക്ക് ആലപ്പുഴ ജില്ലയിൽ പോഞ്ഞിക്കരയിൽ ആറു കോടി എൺപത്തി രണ്ട് ലക്ഷം രൂപ മുതൽ മുടക്കി പണി തീർത്തു വരുന്നു. കൂടാതെ ഇരു ചക്ര വാഹനങ്ങൾ കയറ്റിക്കൊണ്ടു പോകാൻ കഴിയുന്ന വിധത്തിലുള്ള ബോട്ടുകൾ സർവ്വീസിനു ഉപയോഗിക്കുന്നതിലേക്കായി പണി തീർന്നു വരുന്നു. പയ്യന്നൂർ മേഖലയിൽ ബോട്ടുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിലേക്ക് അറുപത്തിമൂന്ന് ലക്ഷം രൂപ ചെലവഴിച്ച് സ്ലിപ് വേ നിർമ്മിച്ചു വരുന്നു. വർദ്ധിച്ചു വരുന്ന ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ ബോട്ട് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | റോഡു വഴിയുള്ള ഗതാഗത സ്തംഭനം നിത്യ സംഭവമായ കേരളത്തിൽ ജലാഗതാഗതം പരിപോഷിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (സി) | കേരളത്തിൽ ജലഗതാഗതം പരിപോഷിപ്പിക്കുന്നതിന് ജലഗതാഗത വകുപ്പിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ വിവരങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | റോഡു ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനും ജലഗാതഗതം പരിപോഷിപ്പിക്കുന്നതിനും വകുപ്പു തലത്തിൽ പഠനം നടത്തി പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. അത്തരത്തിൽ ആലപ്പുഴയിൽ കുട്ടനാട് സർക്കുലർ സർവ്വീസും, കണ്ണൂരിൽ മാട്ടൂൽ - പറശ്ശിനി സർവ്വീസും, ആലപ്പുഴയിൽ ഒരു പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസും ആരംഭിച്ചിട്ടുണ്ട്. കൂടാതെ വൈറ്റില കാക്കനാട് സർവ്വീസ് ആരംഭിക്കുന്നതിന് പഠനം നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ